DESPATCHED
On.01/10/22.



സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം
തിരുവനന്തപുരം-695 001
Email: sic.ker@nic.in

ഹർജി നമ്പർ **AP 261(1)/2022/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

**File No.4882/SIC-Gen4/2022**

(ഉത്തരവുകൾ sic.kerala.gov.in -ൽ ലഭ്യമാണ്)

സന്നിഹിതൻ

ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ

തീയതി : 2022 സെപ്റ്റംബർ 28

ശ്രീ. ടോം തോമസ്,
മാനേജർ,
എദൻ പബ്ലിക് സ്കൂൾ,
വാഴൂർ ഈസ്റ്റ്, കോട്ടയം.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
പൊതു വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം-695 014.
2. അപ്പീൽ അധികാരി &
വിദ്യാഭ്യാസ ഉപഡയറക്ടർ (എംപ്ലോയ്മെന്റ്),
പൊതു വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം-695 014

} എതിർകക്ഷികൾ

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 13.12.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | - |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 3.2.2022 |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 19.3.2022 |
| കമ്മീഷനിൽ അപ്പീൽ ലഭിച്ച തീയതി | 21.3.2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 29.3.2022 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 22.4.2022 |
| ഹിയറിംഗ് (ഓഡിയോ/വീഡിയോ) തീയതി | 7.6.2022, 27.9.2022 |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ &<br>എ.എ. | ഹാജരായി<br><br>എതിർകക്ഷികൾ ഹാജരായി. |

## ഉത്തരവ്

ശ്രീ. ടോം തോമസ്, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച വിവരാവകാശ

അപേക്ഷയ്ക്കും അപ്പീൽ ഹർജിയ്ക്കും യാതൊരു മറുപടിയും നൽകിയില്ലെന്നും ആകയാൽ ടിയാൻ ആവശ്യപ്പെട്ടിട്ടുള്ള രേഖകൾ ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികളും രേഖകൾ നൽകാതെ മനഃപൂർവ്വം വീഴ്ച വരുത്തിയതിന് ഉത്തരവാദികളായവർക്കെതിരെ ആവശ്യമായ നിയമ നടപടികൾ സ്വീകരിക്കണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 13.12.2021 തീയതി സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ് :

1) കോട്ടയം ജില്ലയിൽ വാഴൂർ എദൻ പബ്ലിക് സ്കൂൾ, Form No.1-ൽ RTE Act പ്രകാരം കാഞ്ഞിരപ്പള്ളി ഡി.ഇ.ഒയ്ക്ക് നൽകിയ അപേക്ഷയിൽ എന്തു നടപടി സ്വീകരിച്ചു എന്നും

2) 25.10.2021 തീയതിയിൽ എദൻ പബ്ലിക് സ്കൂളിൽ നിന്നും RTE Act അനുസരിച്ചും അനുബന്ധ കോടതി വിധിയുടെ അടിസ്ഥാനത്തിലും (WP(c) No.22812/2020(B) of the Hon'ble High Court of Kerala), Form-II-ൽ " Order of Prior Recognition " നൽകണമെന്നാവശ്യപ്പെട്ട് സമർപ്പിച്ചതും 28.10.2021-ൽ താങ്കൾ കൈപ്പറ്റിയതുമായ കത്തിന്റെ അടിസ്ഥാനത്തിൽ എന്തു നടപടി സ്വീകരിച്ചും എന്നും മറ്റുമായി 4 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് മറുപടി നൽകിയതായി കാണുന്നില്ല. തുടർന്ന് 3.2.2022-ന് നൽകിയ അപ്പീൽ അപേക്ഷയ്ക്കും മറുപടി നൽകിയിട്ടുള്ളതായി കാണുന്നില്ല.

4. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ വിവരാവകാശ നിയമ പ്രകാരം 13.12.2021-ന് സമർപ്പിച്ച അപേക്ഷ ടി ഓഫീസിൽ ലഭിച്ചിരുന്നു എന്നും വിഷയവുമായി ബന്ധപ്പെട്ട വിവരങ്ങൾ സ്കൂളധികൃതർ ഫോൺ മുഖാന്തിരം ടി ഓഫീസിൽ വിളിച്ചന്വേഷിക്കുകയും വിവരങ്ങൾ ബോധിപ്പിക്കുകയും ചെയ്തിരുന്നു എന്നും, ആയത് തൃപ്തികരമാണെന്ന് മറുപടി ലഭിച്ചതിനാൽ രേഖാമൂലം മറുപടി നൽകിയിരുന്നില്ല എന്നും മറുപടി രേഖാമൂലം സ്കൂളധികൃതർക്ക് ലഭ്യമാക്കാത്തതി-നാൽ 3.2.2022 പ്രകാരം അപ്പീൽ അപേക്ഷ ലഭിച്ചു എന്നും അപ്പീൽ അപേക്ഷയിന്മേൽ അപ്പീൽ അധികാരി അപ്പീൽ വാദി സമർപ്പിച്ച അപേക്ഷയ്ക്ക് മറുപടി നൽകുന്നതിന് എസ്.പി.ഐ.ഒയെ ചുമതലപ്പെടുത്തി 11.4.2022-ന് ഉത്തരവായി എന്നും ടി നിർദ്ദേശ പ്രകാരം എസ്.പി.ഐ.ഒ അപ്പീൽ വാദിക്ക് മറുപടി നൽകുകയും ചെയ്തു

എന്നുമാണ്. ടി മറുപടിയുടെ അടിസ്ഥാനത്തിൽ ഹർജിക്കാരനായ ശ്രീ. ടോം തോമസ് പരാതി പിൻവലിക്കുകയുണ്ടായി.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ കമ്മീഷൻ നേരിൽ കേട്ടതിലും വിവരാവകാശ നിയമ പ്രകാരം സമർപ്പിച്ച അപേക്ഷയ്ക്ക് സമയബന്ധിതമായി മറുപടി നൽകാത്തതിനും വീഴ്ചയ്ക്കും കമ്മീഷനോട് എതിർകക്ഷികൾ മാപ്പപേക്ഷിക്കുകയും, മാപ്പപേക്ഷ എഴുതി നൽകുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ, ഭാവിയിൽ ഇത്തരം വീഴ്ചകൾ ആവർത്തിക്കരുതെന്ന് താക്കീത് നൽകികൊണ്ട് ഉദ്യോഗസ്ഥർക്കെതിരെയുള്ള നടപടികൾ കമ്മീഷൻ അവസാനിപ്പിക്കുന്നു.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 സെപ്റ്റംബർ 28-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ഡോ: വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

bnk